വെള്ളായണി കായൽ സംരക്ഷിക്കുന്നതിനുള്ള നടപടി

52 [231] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കായൽ സർക്കാർ ഏറ്റെടുത്ത് ഒരു ശുദ്ധജല തടാകമായി സംരക്ഷിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) വെള്ളായണി കായൽ ഒരു സ്രോതസ്സായി നിലനിർത്തിക്കൊണ്ട് ഒരു ബൃഹത് ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) വെള്ളായണി കായൽ ഏറ്റെടുത്ത് ഒരു ശുദ്ധജല തടാകമായി സംരക്ഷിക്കണമെന്ന നിർദ്ദേശം ഒന്നും ജലവിഭവ വകുപ്പിന്റെ പരിഗണനയിലില്ല.

(ബി) കോവളത്തിനും പരിസരപ്രദേശങ്ങൾക്കുമായി 15 ദശലക്ഷം പ്രതിദിന ശേഷിയുള്ള ഒരു ജലവിതരണ പദ്ധതി വിനോദ സഞ്ചാര വകുപ്പിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

നെയ്യാർ ഡാമിലെ ജലവിതരണം

53 [232] *പ്രൊഫ. കെ. വി. തോമസ്:*
ശ്രീ. കെ. എ. ചന്ദ്രൻ:
,, എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർഡാമിൽ നിന്നും കേരളത്തിലേക്ക് വെള്ളം ഒഴുകുന്ന കനാൽ തമിഴ്നാട് വഴിയാണോ സംസ്ഥാനാതിർത്തിയിലെത്തുന്നത്;

(ബി) തമിഴ്നാട്ടിൽകൂടിയുള്ള കനാലിലെ സ്ലൂയിസ് അടച്ച് സംസ്ഥാനത്തേക്കുള്ള ജലവിതരണം തടയുവാൻ തമിഴ്നാട്ടിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ തമിഴ്നാട്ടുകാർ ശ്രമം നടത്തിയിട്ടുണ്ടോ;

(സി) നെയ്യാർഡാമിൽ നിന്ന് കേരളത്തിലേക്ക് നേരിട്ട് കനാൽ നിർമ്മിക്കുവാൻ പരിപാടിയുണ്ടോ?

ഉത്തരം

(എ) നെയ്യാർഡാമിൽ നിന്നും 33.82 കി. മീ. നീളമുള്ള ഇടതുകര കനാലിന്റെ ഒരു കി. മീ. ഭാഗം തമിഴ്നാട് സംസ്ഥാന അതിർത്തി വഴി കടന്ന് പോകുന്നുണ്ട്.

(ബി) 2005 ജൂൺ മാസം 8-ാം തീയതി അങ്ങനെയൊരു ശ്രമം നടന്നിരുന്നു. പക്ഷെ ജലവിതരണം തടസ്സപ്പെടുകയുണ്ടായില്ല.

(സി) ഇതുവരെ അങ്ങനെയൊരു പദ്ധതി ആസൂത്രണം ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly